"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിത അതിദരിദ്ര ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ട ശ്രീ. അനന്തു (EPEP ID- 39792) എന്നവർക്ക് ഗ്രാമപഞ്ചായത്ത് കണ്ടെത്തിയ ഭൂമി അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2548/2025/LSGD തീയതി,തിരുവനന്തപുരം, 21-10-2025

---

പരാമർശം:-
1. 16/07/2021-ലെ സ.ഉ.(കൈ) നം.145/2021/തസ്വഭവ
2. 08/07/2022-ലെ സ.ഉ.(കൈ) നം.146/2022/തസ്വഭവ
3. പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.07.2025-ലെ 6 (9) നം തീരുമാനം.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.08.2025, 15.10.2025 തിയതികളിലെ LSGD/PD/24751/2025-SPMC1 നം കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് മുമ്പ് നടപ്പിലാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവായിപ്പോയവരെയും നിലവിൽ അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെയും കണ്ടെത്തി അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ 2021 -ൽ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. 2025 നവംബറോട് കൂടി സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം പൂർത്തിയാക്കുക എന്നതാണ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം.

2. പരാമർശം (1) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ 64006 കുടുംബങ്ങളെ ഈ പദ്ധതിയുടെ സഹായം ആവശ്യമുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്.

3. തുടർന്ന് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ വ്യകതികളേയും കുടുംബങ്ങളേയും അതിദരിദ്ര അവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനായി പരാമർശം (2) പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മൈക്രോപ്ലാൻ തയ്യാറാക്കുകയും ചെയ്തു.

4. പ്രസ്തുത മൈക്രോപ്ലാൻ പ്രകാരം തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിത അതിദരിദ്ര ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ട ശ്രീ. അനന്തു (EPEP ID- 39792) എന്നവരുടെ മാതാവ് വർഷങ്ങൾക്കു മുമ്പ് മരണപ്പെടുകയും അച്ഛൻ കുടുംബം ഉപേക്ഷിച്ചു പോയിട്ടുള്ളതുമാണ് എന്നും മാതാവ് ശ്രീമതി. ലളിതയുടെ പേർക്ക് പെരുങ്കടവിള വില്ലേജിൽ ബ്ലോക്ക് നം.25-ൽ റീ.സർവ്വെ നമ്പർ 63/5-1 (TP-24087) ൽ 81 ച.മീ വസ്തു ഉള്ളതായും ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട റോഡിനോട് ചേർന്ന് വീതി കുറഞ്ഞ് നീളത്തിലുള്ള വസ്തുവാണെന്നും ടി വസ്തുവിന്റെ മുൻ വശം പഞ്ചായത്ത് റോഡും പുറക് വശത്തുള്ള സമീപ വസ്തുവിൽ വീട് സ്ഥിതി ചെയ്യുന്നുണ്ടെന്നും, ഇപ്രകാരമുള്ള ഇടുങ്ങിയ വസ്തുവിൽ നിലവിലെ കെട്ടിട നിർമ്മാണ

ചട്ടങ്ങൾ പാലിച്ച് ഭവന നിർമ്മാണം നടത്തുന്നതിന് സാധിക്കില്ലായെന്നും കൂടാതെ ടി വസ്തു ശ്രീ. അനന്തുവിനെക്കൂടാതെ ഒരു സഹോദരനു കൂടി അവകാശപ്പെട്ടതാണെന്നും ഈ സാഹചര്യത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി വിതരണം ചെയ്യുന്നതിന് സ്വകാര്യ വ്യക്തിയിൽ നിന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് ദാനമായി ലഭിച്ച 20 സെന്റ് വസ്തുവിൽ നിന്നും 3 സെന്റ് ഭൂമി സൗജന്യമായി ടി ഗുണഭോക്താവിന്റെ പേർക്ക് രജിസ്റ്റർ ചെയ്ത് നൽകുന്നതിന് പെരുങ്കടവിള ഗ്രാമപഞ്ചായത്തിന് അനുമതി നല്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശ കത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (3) പ്രകാരമുള്ള തീരുമാനവും പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ ഭൂരഹിത ഭവനരഹിത അതിദരിദ്ര ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ട ശ്രീ. അനന്തുവിനും (EPEP ID-39792) സഹോദരനും കൂടി കൈവശമുള്ള ഭൂമിയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ച് ഭവന നിർമ്മാണം നടത്തുന്നതിന് സാധിക്കില്ലായെന്നത് പരിഗണിച്ച് പെരുങ്കടവിള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് ദാനമായി ലഭിച്ച 20 സെന്റ് വസ്തുവിൽ നിന്നും 3 സെന്റ് ഭൂമി സൗജന്യമായി ടി ഗുണഭോക്താവിന്റെ പേർക്ക് രജിസ്റ്റർ ചെയ്ത് നൽകുന്നതിന് പെരുങ്കടവിള ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, പെരുങ്കടവിള ഗ്രാമപഞ്ചായത്ത് (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന )
ജില്ലാകളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഐ.എ.1/250/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 21-10-2025 16:43:58

സെക്ഷൻ ഓഫീസർ